# Weekly Devotion December -2017

## Are you talking like a foolish woman ?

### പൊട്ടിയെപ്പോലെ സംസാരിക്കുന്നതെന്ത് (job : 2:10)




ഒരു വ്യക്തിയുടെ സംസാരം രണ്ട് വിധത്തിൽ ആകാം. (1) നന്മയുടെ വാക്കുകൾ (2) തിന്മയുടെ വേദനിപ്പിക്കുന്ന വാക്കുകൾ. നന്മ ഉള്ളിലുള്ളവർക്കു മാത്രമേ നന്മയുടെ വാക്കുകൾ പറയുവാനും മറ്റുള്ളവരുടെ പ്രവർത്തികളിലെ നന്മ കാണുവാനും കഴിയുകയുള്ളൂ . തിന്മ ഉള്ളിലുള്ളവർ തളർന്നിരിക്കുന്നവരെ താങ്ങേണ്ട വാക്കുകൾ ഉച്ചരിക്കേണ്ടതിനു പകരം തകർക്കുന്ന വാക്കുകളാണ് സംസാരിക്കുന്നത്. ഇവരുടെ വായിൽ നിന്നും ദൈവനിന്ദയുടെ വാക്കുകൾ പുറത്തു വരുന്നു. ഈ പ്രസ്താവനയുടെ ഏറ്റവും നല്ല ഉദാഹരണമാണ് ഇയ്യോബിന്റെ ഭാര്യ. പ്രതിസന്ധിയിലായിരുന്ന ഭർത്താവിനെ ആശ്വസിപ്പിക്കുന്നതിനു പകരം ദൈവത്തെ തള്ളി പറഞ്ഞ് മരിക്കുവാനാണ് അവൾ ആവശ്യപ്പെടുന്നത്. ഒരു പൊട്ടിയുടെ അഥവാ ബുദ്ധിശൂന്യയായ ഒരു വ്യക്തിയുടെ വാക്കുകളായിട്ടാണ് ഇയ്യോബ് ഇതിനെ കണ്ടത്. ആത്മീയ പക്വത അഥവാ വിവേകം നഷ്ടമായവർ ദൈവം ചെയ്ത കരുണ, കൃപ, സ്നേഹം എല്ലാം മറക്കുന്നവരാണ്. ബുദ്ധിശൂന്യതയുള്ളവരാണ് ഇങ്ങനെയുള്ളവർ.

നന്മ ഉള്ളിലുള്ളവർക്ക് ഏറ്റവും നല്ല ഉദാഹരണമാണ് ഇയ്യോബ്. യഹോവ തന്നെ അദ്ദേഹത്തെപ്പറ്റി പറയുന്നത് (job : 1:2)ൽ കാണാം " എന്റെ ദാസനായ ഇയ്യോബ് നിഷ്കളങ്കനും, നേരുള്ളവനും ദൈവഭക്തനും , ദോഷം വിട്ടകലുന്നവനും " എന്നാണ്, ( ഇയ്യോബ് 2:8). നന്മയും ദൈവസ്നേഹവും ഉള്ളവനാകയാൽ ദൈവം നൽകിയ നന്മകൾ ഒന്നൊന്നായി നഷ്ടമായപ്പോഴും, ശാരീരിക ബുദ്ധിമുട്ടുകൾ അനുഭവിച്ചപ്പോഴും അവൻ തന്റെ അധാരം കൊണ്ട് പാപം ചെയ്തില്ല.

അയൽവാസികളായ രണ്ട് കൃഷിക്കാരിൽ ഒരുവൻ ഒരു നിലം വാങ്ങി. ഈ വിവരം അറിഞ്ഞ സുഹൃത്ത് നിലം വാങ്ങിയ ആളിനെ സന്ദർശിച്ചിട്ട് ഇപ്രകാരം പറഞ്ഞു, "നിന്റെ നിലത്തോടൊപ്പം നീ ഒരു കേസും കൂടി വിലകൊടുത്ത് വാങ്ങിയിരിക്കുന്നു. കാര്യം അറിയാതെ പകച്ചിരുന്ന സുഹൃത്തിന് കാരണം വ്യക്തമാക്കികൊടുത്തത് കേസ്സ് കൊടുക്കും എന്ന പ്രഖ്യാപനത്തോടെ ആയിരുന്നു. നിലം വാങ്ങിയ ആൾ പത്ത് അടി സ്ഥലം ഈ മനുഷ്യന്റേതും വാങ്ങിയെന്നാണ് പറഞ്ഞത്. ഇതുകേട്ട പുതിയ നിലം ഉടമ പറഞ്ഞത്. അത്രയുള്ളോ കാര്യം എത്ര അടി സ്ഥലമാണെന്ന് കാണിച്ചുതന്നാൽ നമുക്ക് ഇപ്പോൾ തന്നെ അതിർത്തിക്കല്ല് മാറ്റിയിടാം, കേസിനു പോകുന്നത് എന്തിനാണ്. അല്പ സമയം മിണ്ടാതെ നിന്ന കേസ്സുകാരൻ ഒന്നും

മിണ്ടാതെ ഇറങ്ങിപോയി. അതിർത്തി മാറ്റികൊടുക്കുവാൻ ചെന്ന ഭൂവുടമയോട് അയാൾ പറഞ്ഞത് നിങ്ങളിലെ നന്മ ഞാൻ കണ്ടില്ല. താങ്കളുടെ ഉള്ളിലെ നന്മ എന്റെ ഉള്ളിലെ തിന്മയെ ഇല്ലാതാക്കിയതിന് നന്ദി എന്ന് പറഞ്ഞ് മടങ്ങി അതേ; നന്മയാൽ തിന്മയെ ജയിച്ചു. നമുക്ക് ഇപ്രകാരം ആയിത്തീരാം.

മർക്കോ : (14:3-9) വരെയുള്ള വാക്യങ്ങളിൽ ശീമോന്റെ വീട്ടിൽ ഭക്ഷണത്തിനിരുന്ന യേശുവിനെ തൈലാഭിഷേകം ചെയ്ത ഒരു സ്ത്രീയെ കാണാം. കർത്താവ് അവൾ ചെയ്ത നല്ല പ്രവർത്തിയെ അഭിനന്ദിച്ചപ്പോൾ തിന്മ ഉള്ളിലുള്ളവർ അവളെ വിമർശിച്ചു. അവളുടെ സ്നേഹം, ബഹുമാനം, നന്ദി, ആദരവ്, ഇവയെല്ലാം ആ പ്രവർത്തിയിലുണ്ടായിരുന്നു. തിന്മ ഉള്ളിലുള്ളവർക്ക് ഈ പ്രവർത്തിയിലെ നന്മ അവഗണിക്കുവാനേ കഴിയുകയുള്ളൂ. സുവിശേഷം പ്രസംഗിക്കുന്നേടത്തെല്ലാം അവൾ ചെയ്തത് അവളുടെ ഓർമ്മക്കായി പ്രസ്താവിക്കും എന്ന് യേശു പ്രഖ്യാപിച്ചു.

നന്മ ഉള്ളിലുണ്ടാകണമെങ്കിൽ യഹോവയുടെ ന്യായ പ്രമാണത്തിൽ സന്തോഷിച്ച് അവന്റെ ന്യായ പ്രമാണത്തെ രാപ്പകൽ ധ്യാനിക്കുന്നവരാകണം. (സങ്കീ 1:2), സങ്കീ (27:13,14). വാക്യങ്ങളിൽ ജീവനുള്ളവരുടെ ദേശത്ത് പാർക്കുമ്പോൾ തന്നെ നന്മ ലഭിക്കുമെന്നുള്ള പ്രത്യാശയോടെ ജീവിക്കണമെന്ന് വ്യക്തമാക്കുന്നു.

തിന്മകൾ (bad things) വരുമ്പോൾ ധൈര്യത്തോടെ നേരിടണം. ഈ പ്രതിസന്ധികളിൽ ജീവിതത്തെ പരിവർത്തന വിധേയമാക്കണം. സങ്കീ : (119: 71) ൽ നിന്റെ ചട്ടങ്ങൾ പഠിപ്പാൻ തക്കവണ്ണം കഷ്ടതയിലായത് എനിക്ക് ഗുണകരമായി എന്ന് പ്രസ്താവിച്ചിരിക്കുന്നു. കഷ്ടതകൾ നമുക്ക് തരുന്നത് എന്തിനെന്ന് ആവ:(8:2-5) വരെയുള്ള വാക്യങ്ങളിൽ കാണാവുന്നതാണ്. ദൈവത്തിന്റെ കരത്തിൽ നിന്നാണ് നന്മയും തിന്മയും പുറപ്പെടുന്നത് എന്ന് ഇയ്യോബ് (2: 10 )ൽ കാണാം.

പണ്ട് England ലെ ഒരു കടയുടെ മുൻപിൽ ഇപ്രകാരം എഴുതി വച്ചിരുന്നു. " We can mend everything" അതിനു താഴെയായി നിരാശയിലാണ്ട ഒരുവൻ എഴുതി " Who can mend my broken heart?"

"ഒരു ദൈവദാസൻ അതിനെഴുതിയ മറുപടി.

pleace read --- 2 cori : (1:3-5) ദൈവമാണ് നമ്മെ ആശ്വസിപ്പിക്കുന്നത്. അപ്രകാരം അദ്ദേഹം തന്ന ആശ്വാസം പ്രാപിച്ച നാം മറ്റുള്ളവരെ തകർന്നും നുറുങ്ങിയതുമായ ഹൃദയത്തെ നിരസ്സിക്കാത്ത ആ നല്ല യജമാനന്റെ അടുക്കലെത്തിക്കുന്നവരാകണം.

പ്രിയമുള്ളവരെ ! തിന്മ ചെയ്യുന്നതു മതിയാക്കി, നന്മ ചെയ്യുവാൻ പഠിച്ച്, ന്യായം അന്വേഷിച്ച്, പീഢിപ്പിക്കുന്നവനെ നേർവഴിയാക്കി, അനാഥനുവേണ്ടി ന്യായം നടത്തുവാനും, വിധവയ്ക്കു വേണ്ടി വ്യവഹരിക്കുന്നവരുമാകുവാൻ ശ്രമിക്കുക. അങ്ങനെ ബുദ്ധിയുള്ള ഒരു വ്യക്തിയെപ്പോലെ സംസാരിപ്പാൻ നമ്മെ ദൈവം സഹായിക്കട്ടെ.

**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind